# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി ICODD 2015- ഓഫീസിന്റെ കാലാവധിയും കരാർ വ്യവസ്ഥയിൽ നിയമിതരായ പഞ്ചായത്ത് വകുപ്പിലെ മുൻ അഡീഷണൽ ഡയറക്ടർ ശ്രീ. ജെ. ആർ. ഗോപകുമാർ, ശ്രീ. ഷാദർ പി.എ എന്നിവരുടെ സേവനവും ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നം. 3717 /2015/തസ്വഭവ    തീയതി, തിരുവനന്തപുരം, 11 /12/2015

---

പരാമർശം: 1) സഉ(സാധാ) നമ്പർ 2533/14/തസ്വഭവ തീയതി. 27/09/2014.

2) സഉ(സാധാ) നമ്പർ 2717/14/തസ്വഭവ തീയതി. 20/10/2014.

3) ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി ചീഫ് കോ ഓർഡിനേറ്ററുടെ തീയതി രേഖപ്പെടുത്താത്ത കുറിപ്പ്.

4) സഉ(സാധാ) നമ്പർ 1943/15/തസ്വഭവ തീയതി. 26/06/2015.

5) ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി ചീഫ് കോ ഓർഡിനേറ്ററുടെ 17/10/2015 ലെ ICODD/2015/98 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം രണ്ടാമത് ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസിയുടെ നടത്തിപ്പിന് വേണ്ടി ഒരു ഓഫീസ് തുറന്നു പ്രവർത്തിക്കുകയും പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിലെ മുൻ അഡീഷണൽ ഡയറക്ടർ ശ്രീ. ജെ. ആർ. ഗോപകുമാർ, റിട്ട.ക്ലാർക്ക് ശ്രീ. ഷാദർ പി.എ എന്നിവരെ യഥാക്രമം പ്രോഗ്രാം മാനേജരായും, ഓഫീസ് ക്ലാർക്കായും കരാർ അടിസ്ഥാനത്തിൽ 30/6/2015 വരെ നിയമിച്ചിരുന്നു. ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി ചീഫ് കോ ഓർഡിനേറ്ററുടെ പരാമർശം 3 ലെ കുറിപ്പ് പ്രകാരം 2ാമത് അന്താരാഷ്ട്ര സമ്മേളനത്തിൽ അവതരിക്കപ്പെട്ട പ്രബന്ധങ്ങൾ കിലയുമായി ചേർന്ന് ഡോക്കുമെന്റേഷൻ നടത്തുന്നതിനും, പ്രസ്തുത സമ്മേളനത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി നിലവിലുള്ള ആഫീസിന്റെ കാലാവധിയും പ്രോഗ്രാം മാനേജരുടെയും ഓഫീസ് ക്ലാർക്കിന്റെയും സേവനം പരാമർശം 4 പ്രകാരം 31/10/2015 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിരുന്നു. അതോടോപ്പം ഡോക്കുമെന്റേഷനായി സർക്കാരിലേയ്ക്കുള്ള

റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർവ്വീസിൽ നിന്നും വിരമിച്ച അഡീഷണൽ ഡയറക്ടർ ശ്രീ. എ.സെയിദിനെയും 31/10/2015 വരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

2 ാമത് ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസിയിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ കിലയുടെ അഭിമുഖ്യത്തിൽ നടന്ന വർക്ക്ഷോപ്പുകളിൽ ചർച്ചചെയ്യുകയും ആയതിൽ വന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ടാക്കി പുതിയ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റുമാരെ ഉൾക്കൊള്ളിച്ച് സെമിനാറുകൾ സംഘടിപ്പിച്ച് വിഷയം അവതരിപ്പിക്കുന്നതിനും പ്രസ്തുത നിർദ്ദേശം വരുംകാല പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമായിരിക്കുമെന്ന് പരാമർശം 5 ലെ കത്ത് പ്രകാരം ചീഫ് കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഈ ആവശ്യത്തിനുവേണ്ടി ശേഷിക്കുന്ന റിപ്പോർട്ടുകളുടെ കൺസോളിഡേഷൻ തയ്യാറാക്കുന്നതിനും ആയതിൻമേൽ വർക്ക് ഷോപ്പുകൾ സംഘടിപ്പിച്ച് ആക്ഷനബിൾ പോയിന്റ് സാക്കിമാറ്റുന്നതിനും നിലവിലുള്ള ആഫീസിന്റെ കാലാവധിയും പ്രോഗ്രാം മാനേജരുടെയും ഓഫീസ് ക്ലാർക്കിന്റെയും കാലാവധിയും 31/03/2016 വരെ ദീർഘിപ്പിച്ച് നൽകാനും ചീഫ് കോഓർഡിനേറ്റർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി 2015 സമ്മേളനവുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച തുടർ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി പ്രസ്തുത ഓഫീസിന്റെ കാലാവധിയും, പഞ്ചായത്ത് വകുപ്പിൽ നിന്നും അഡീഷണൽ ഡയറക്ടറായി വിരമിച്ച ശ്രീ. ജെ. ആർ. ഗോപകുമാറിന്റേയും റിട്ട.ക്ലാർക്ക് ശ്രീ. ഷാദർ പി.എ യുടെയും സേവനം 31/03/2016 വരെയും ഡോക്കുമെന്റേഷൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിയമിച്ചിട്ടുള്ള ശ്രീ. എ. സെയ്ദിന്റെ കാലാവധി 30/03/2016 വരെയും ദീർഘിപ്പിച്ചു നൽകുന്നു. ഇവരുടെ പ്രതിമാസ ശമ്പളം ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡീപ്പനിംഗ് ഡെമോക്രസി-2015 നായി അനുവദിച്ച 3 കോടി രൂപയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എൻ. നന്ദകുമാർ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കില, തിരുവനന്തപുരം
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തദ്ദേശസ്വയം ഭരണവകുപ്പ്
അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്
ശ്രീ.സി.എൻ.ബാബു, ജോയിന്റ് ഡയറക്ടർ,പഞ്ചായത്ത് ഡയറക്ടറേറ്റ്,തിരുവനന്തപുരം.
ശ്രീ.പ്രദീപ് കുമാർ.ബി, അണ്ടർ സെക്രട്ടറി, എസ്.എഫ്.സി.സെൽ.
ശ്രീ. സാബുക്കുട്ടൻ നായർ, പഞ്ചായത്ത് ഡയറക്ടറേറ്റ്,തിരുവനന്തപുരം.
ശ്രീ.റ്റി.മനോജ്, സെക്ഷൻ ഓഫീസർ,തദ്ദേശസ്വയംഭരണ(എ.എ) വകുപ്പ് .

ഓഫീസർ, പഞ്ചായത്ത് ഡയറക്ടറേറ്റ് ,തിരുവനന്തപുരം.

സീനിയർ ഫൈനാൻസ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടറേറ്റ് ,തിരുവനന്തപുരം.

ശ്രീ.കെ.എസ്.ഷൈലേന്ദ്രൻ,ഇൻഫർമേഷൻ ഓഫീസർ,പി.ആർ.ഡി.

ശ്രീ.ഹാഷിം, പബ്ലിസ്റ്റി ഓഫീസർ,പഞ്ചായത്ത് ഡയക്ടറേറ്റ്,തിരുവനന്തപുരം.

ശ്രീ.ഷാജി, അക്കൗണ്ട്സ് മാനേജർ, KLGSDP.

ശ്രീ.ഷാഹുൽ ഹമീദ്,പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ,തിരുവനന്തപുരം.

ശ്രീ. ജെ. ആർ. ഗോപകുമാർ,അഡീഷണൽ ഡയറക്ടർ(റിട്ടയേർഡ്)

ശ്രീ. എ.സെയിദ്, അഡീഷണൽ ഡയറക്ടർ(റിട്ടയേർഡ്)

ശ്രീ. ഷാദർ പി.എ, ക്ലാർക്ക്((റിട്ടയേർഡ്)

ജില്ലാ കളക്ടർ,തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ഐ.കെ.എം ( തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

Sd/-

സെക്ഷൻ ഓഫീസർ